constituency, a place where there is something like 10,000 cattle and where even 200 acres of land have been reserved as a sort of pasture, whereby the Government have recognised the importance of cattle there, has no dispensary. The nearest dispensary to that place is at Trichur. If the Government are full of sympathy that is a sort of lip-sympathy which can do very little in the direction of redressing some of these real grievances. If we include this particular item of work can we expect to get matters improved or matters to become worse? I assure this House that if we neglect agriculture matters can only become worse. It is simply a surprise to me that the Government are not sufficiently alive to the urgent necessity and importance of this particular problem. They think it is only a matter of cattle. It is the poor cattle who have to work to get our fields cultivated. If the Government would introduce scientific machinery, to some extent cattle may be replaced. Without cattle there is no agriculture and without cattle there is no question of irrigation. Therefore, I once again request the Government to rise up to the importance of this question, to waken themselves a little and to appreciate the hardship of these poor agriculturists in this matter. They seem to be completely ignorant of the difficulty of the people. The Government was pleased to state that some Rs. 3,000 was necessary for running a dispensary and they would not have found it difficult to make provision for this all-important matter, if they wanted. To establish a few more dispensaries all over the land would not amount a very heavy financial commitment. What appears to me is that the Government are not sufficiently alive to the importance of this problem. I wish there was a member in this House to represent the farmers so that our Government could have realised the importance of this problem. I have come across real cases of extreme hardship among the farmers on account of this cattle epidemic which has become a very frequent occurrence now-a-days. If any investigation is held I am sure that my statement would be borne out. Therefore, to drive home to the attention of the Government the great importance of this question I beg to press this resolution to the kind acceptance of the House.

Resolution put and carried.

4. Appointment of Three Ministers.

മിസ്റ്റർ കെ. ടി. മാത്യു.—എന്റെ പ്രമേയം ഇതാണ്.

This Council recommends to give immediate effect to the motion passed by the Legislative Council to appoint three Ministers enjoying the confidence of the Legislature to carry on the administration of the State in cooperation with the Diwan.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ പ്രമേയത്തെപ്പറ്റി ഈ നിയമ സഭയിൽ വീണ്ടും പ്രതിപാദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ലെങ്കിലും സംഗതിയുടെ പ്രാധാന്യത്തെക്കുറിച്ചു് വിചാരിക്കുമ്പോൾ രണ്ടു വാക്കെങ്കിലും പറയാതെ പെട്ടെന്നു വിട്ടുകളയുന്നതു നല്ലതല്ലെന്നു വിചാരിക്കുന്നു. കുറച്ചു മുമ്പു് ഈ സഭയിൽ ഈ സംഗതിയെക്കുറിച്ചു് ഒരു ഉപക്ഷേപം കൊണ്ടുവരികയും ഇതിനെപ്പറ്റി അനുദ്യോഗസ്ഥ സാമാജികന്മാർ വളരെ ശക്തിയായി വാദപ്രതിവാദം നടത്തുകയും ചെയ്തു. എന്നാൽ ഗവർമ്മേണ്ടു ഭാഗത്തുനിന്നും ഒന്നുരണ്ടു വാക്കുകൊണ്ടു് മറുപടി പറഞ്ഞു് അവസാനിപ്പിക്കുകയാണുണ്ടായതു്. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തെപ്പറ്റി ഈ നിയമസഭയിലല്ലാതെ നാട്ടുരാജ്യങ്ങളിലുള്ള ഏതെങ്കിലും ഒരു നിയമസഭയിൽ പ്രതിപാദിക്കുന്നതായിരുന്നാൽ ഗവർമ്മേണ്ടു ഭാഗത്തുനിന്നു് ഇത്രയും നിസ്സാരമായ വിധത്തിൽ വെറുംരണ്ടു വാക്കുകൾ മാത്രം പറഞ്ഞു ഈ പ്രമേയത്തെ തള്ളിക്കളയുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ഇതുപോലെയുള്ള പലേ സംഗതികൾക്കും ഈ നിയമ സഭയിൽ ഗവർമ്മേണ്ടു് തീരെ നിസ്സാരമായുള്ള മറുപടികളാണു് പറയുന്നതു്. പല പ്രധാനകാര്യങ്ങളും ഉടനെ ചെയ്യേണ്ടതാണെങ്കിലും അങ്ങിനെ ചെയ്യാതെ നീട്ടിക്കൊണ്ടു പോകുന്നതായും അതിനെപ്പറ്റി ചോദിക്കുമ്പോൾ 'സമയമില്ല, സൌകര്യമില്ല, അതുകൊണ്ടു ചെയ്യാൻ സാധിച്ചില്ല' എന്നെല്ലാം മറുപടി പറയുന്നു. ഈ സഭയിൽ കുറച്ചുമുമ്പു ഗവർമ്മേണ്ടിന്റെ ശ്രദ്ധക്കായി കൊണ്ടുവന്നിരുന്ന ഒരു കാര്യം സാധുക്കളായ കൃഷിക്കാരെ അവർക്കു ഇപ്പോൾ നേരിട്ടിരിക്കുന്നതായ ബുദ്ധിമുട്ടുകളിൽനിന്നു രക്ഷിക്കേണ്ടതിനു് അത്യാവശ്യമായ നിവാരണ മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തണമെന്നാണു്. അതിനുവേണ്ടി ശക്തിയായി അനുദ്യോഗസ്ഥ മെമ്പർമാർ വാദിച്ചിട്ടുള്ളതുമാണു്. ഗവർമ്മേണ്ടു് അതിനു മറുപടിയായി നികുതിയിൽ ഒരു ഭാഗം വിട്ടുകൊടുക്കാമെന്നും പലിശ പുതുക്കുന്നതിനാവശ്യമായ ഒരു ബിൽ ഈ സഭയിൽ കൊണ്ടുവരാമെന്നും വാഗ്ദത്തം ചെയ്കയും ചെയ്തു, എന്നാൽ ആ വാഗ്ദത്തത്തെ ഇപ്പോൾ ഗവർമ്മേണ്ടു ലംഘിച്ചിരിക്കുന്നു. അതിനുള്ള കാരണത്തെപ്പറ്റി ചോദിച്ചപ്പോൾ വേണ്ടപോലെ ആലോചിക്കുവാനുള്ള സമയം ഉണ്ടായിട്ടില്ലെന്നാണു് മറുപടി പറഞ്ഞിരിക്കുന്നതു്. ഇതുപോലെ ഗവർമ്മേണ്ടിന്റെ വാഗ്ദത്തങ്ങളും പ്രവൃത്തിയും പരിശോധിക്കുന്നതായാൽ പല കാര്യങ്ങളും ഗവർമ്മേണ്ടു് അതാതു സമയത്തു ചെയ്തിട്ടില്ലെന്നു കാണാവുന്നതാണു്. ഗവർമ്മേണ്ടിന്റെ ചുമതലകൾ ദിവസന്തോറും ഓരോ തരത്തിൽ വഷളാക്കുവരികയാണു് ചെയ്യുന്നതു്. ആയതിനാൽ ദിവാൻജി അവർകൾക്കു ഈ മാതിരി പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

കായ്ങ്ങളെല്ലാം അതാതു സമയത്തു നിറവേറ്റിക്കൊണ്ടു പോകുവാൻ സാധിക്കുന്നില്ലെന്നു പറയാതെ തരമില്ല. ദിവാൻജി അവർകളും ഇതു സമ്മതിക്കാതിരിക്കുന്നതെങ്ങിനെ?

കുറച്ചു മുമ്പു് വൈസ്രോയി ലോർഡ് ഇർവിൻ ഐദരബാദു സന്ദർശിച്ച അവസരത്തിൽ ഗവർമ്മെണ്ടിന്റെ ചുമതലകൾ നാൾക്കു നാൾ വർദ്ധിച്ചുവർദ്ധിച്ചാണ വരുന്നതെന്നും ഒരു മേലദ്ധ്യക്ഷനെക്കൊണ്ടു മാത്രം ഈ വക കായ്ങ്ങളെ കൃത്യസമയത്തു ശരിയായി ചെയ്യുവാൻ പ്രയാസമായിട്ടുണ്ടെന്നും അതിനാൽ രണ്ടോ നാലോ അംഗങ്ങളുള്ളതായ ഒരു ഭരണ കൌൺസിൽ നടപ്പിൽ വരുത്തേണ്ടതാണെന്നും അദ്ദേഹം ചൂണ്ടി കാണിക്കയുണ്ടായി. എന്നാൽ ഈ സംഗതിയെ പറ്റി കൊച്ചി ഗവർമ്മെണ്ടു മേലധികാരികൾ ചിന്തിക്കുവാൻ തന്നെ തെയ്യാറില്ല. ഇന്നലെ തന്നെ ഗവർമ്മെണ്ടു അഡ്വക്കേറ്റ് ജനറൽ സഭയിൽവച്ചു പറഞ്ഞതു് ഇതുകൊച്ചി രാജ്യം മറ്റുള്ള നാട്ടുരാജ്യങ്ങളെ അപേക്ഷിച്ചു് എത്രയോ മുന്നണിയിലാണ് നില്ക്കുന്നതെന്നും മറ്റു പല നാട്ടുരാജ്യങ്ങളുമായി താരതമ്യം വിവേചനം ചെയ്യുവാൻ പാടില്ലാത്ത വിധം അത്രത്തോളം മുന്നോട്ടു പോയിരിക്കുന്നു എന്നുമാണു്. ആ മെമ്പരേയും ഗവർമ്മെണ്ടിനെയും ഞാൻ ഇപ്പോൾ ധരിപ്പിക്കുന്നതെന്താണെന്നു വച്ചാൽ, മറ്റു ചില നാട്ടുരാജ്യങ്ങളേക്കാൾ കൊച്ചി രാജ്യം നിയമസഭാ പരിഷ്കരണത്തിൽ വളരെ പുറകിൽ നില്ക്കുന്നു എന്നാണു്. കഴിഞ്ഞ നിയമസഭയിൽ ഈ സംഗതിയെ പറ്റി പ്രതിപാദിച്ചപ്പോൾ Aundh എന്ന ഒരു രാജ്യത്തെപ്പറ്റി ഞാൻ പറഞ്ഞതു് ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. അവിടെ രാജ്യഭരണ വിഷയത്തിൽ എന്തെല്ലാമാണു് ചെയ്തിരിക്കുന്നതെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഗവർമ്മെണ്ടു് അഡ്വക്കേറ്റ് ജനറലിനു് ഈ സംഗതികളൊന്നും നാരമില്ലായിരിക്കാം. നാട്ടുരാജ്യമെന്നു പറയുന്നതിനു പോലും യോഗ്യതയില്ലാത്ത ഗവർമ്മെണ്ടു അഡ്വക്കേറ്റു പറഞ്ഞ ഒരുരാജ്യമായിട്ടാണു് ഈകായ്ത്തിൽ കൊച്ചിരാജ്യത്തെ താരതമ്യപ്പെടുത്തി നോക്കേണ്ടതു്. മുൻപറഞ്ഞ Aundh രാജ്യം മാത്രമല്ല കൊച്ചിക്കു മുന്നിട്ടു നില്ക്കുന്നതു്. മറ്റു ചില നാട്ടുരാജ്യങ്ങളിലും ഉത്തരവാദിത്വ ഭരണം നടപ്പിൽ വരുത്തുവാൻ വേണ്ടതു് ചെയ്തുകഴിഞ്ഞിരിക്കുന്നു.

കൊച്ചിരാജ്യത്തു് അടുത്തു തന്നെ നിയമസഭാപരിഷ്കരമുണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കുവാൻ തക്കവണ്ണമുള്ള ഒരു ഗവർമ്മെണ്ടുപ്രഖ്യാപനമുണ്ടായിരുന്നു. അവയെ അടിസ്ഥാനപ്പെടുത്തി കായ്മായ നിയമസഭാപരിഷ്കരണമുണ്ടാക്കാനിടയുണ്ടെന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതനുസരിച്ചു ഗവർമ്മെണ്ടു ഒരുകമ്മറ്റിയെ മാത്രം നിയമിക്കയുണ്ടായി. ഇങ്ങിനെ കമ്മറ്റിയെ നിശ്ചയിക്കുമ്പോൾ അവയിലേക്കു എട്ടുപത്തു നിയമസഭാംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയെ പ്രതിനിധീകരിക്കുന്നവരായിരിക്കണം. എന്നാൽ മാത്രമെ അവരുടെ അഭിപ്രായത്തിനു നിയമസഭയ്ക്ക് ഉത്തരവാദിത്വമുള്ളൂ. അതല്ലാതെ ഗവമ്മെണ്ടു നിയമസഭയിൽ നിന്നു അവർക്കു ഇഷ്ടമുള്ളവരെ തിരഞ്ഞെടുത്ത് ഒരു കമ്മിറ്റിയുണ്ടാക്കിയാൽ ആ കമ്മിറ്റി ഒരു ഗവമ്മെണ്ടു കമ്മിറ്റി തന്നെ. ആ കമ്മിറ്റിയുടെ അഭിപ്രായം നിയമസഭയുടെ അഭിപ്രായമായി സ്വീകരിപ്പാൻ പാടില്ല.

Franchise Committee യെനിശ്ചയിച്ചതിൽ ഗവമ്മെണ്ടിനു ശുഭാപനസ്ഥിതിയുണ്ടായിരുന്നു എന്നു വരികിൽ അതിലെ വേണ്ട നിയമസഭാംഗങ്ങളെ തിരഞ്ഞെടുപ്പാൻ നിയമസഭയെ ഭാരമേല്പിക്കേണ്ടതായിരുന്നു. നിയമസഭ തിരഞ്ഞെടുക്കാത്ത കമ്മിറ്റിയംഗങ്ങളുടെ അഭിപ്രായവും റിപ്പോർട്ടും നിയമസഭയുടെ അഭിപ്രായവും റിപ്പോർട്ടുമായി സ്വീകരിപ്പാൻ പാടില്ല.

Franchise Committee യുടെ അഭിപ്രായം കാലത്തിനൊത്ത വിധം വിപുലമല്ലാത്തതിനാൽ ദിവാൻജി അവർകൾ വോട്ടർമാരുടെ സംഖ്യ തോത് കൂറക്കണമെന്നു് ആവശ്യപ്പെട്ടതായി അറിയുന്നു. എന്നാൽ ഇന്നു കാലത്തു് ഇഴഞ്ഞവ പ്രതിനിധി പറഞ്ഞതു പോലെ അദ്ദേഹത്തിന്റെ തീരുമാനങ്ങളെ നടപ്പിൽ വരുത്തുവാൻ പാടില്ലാത്ത വിധത്തിൽ അദ്ദേഹത്തിന്റെ കൈകാലുകളെ പാടിച്ചു കെട്ടിയിട്ടിരിക്കുന്നതു പോലെയാണു തോന്നുന്നതു്. ഈ അവസരത്തിൽ അദ്ദേഹം ഇവിടെയുണ്ടായിരുന്നു എന്നു വരികിൽ ഈ വിഷയത്തെപ്പറ്റി അദ്ദേഹത്തിനു വേണ്ട പോലെ പറഞ്ഞുകൊടുക്കാമായിരുന്നു. അദ്ദേഹം ഈ രാജ്യത്തു ആദ്യം വന്ന അവസരത്തിൽ പലേ കാര്യങ്ങളും അദ്ദേഹം സാധിച്ചിട്ടുണ്ടു്. ചില അവസരങ്ങളിൽ അദ്ദേഹം ദിവാൻ സ്ഥാനം വിട്ടു ഒഴിഞ്ഞു പോകുമെന്നു കൂടി വളരെ ശക്തിയായി പറഞ്ഞതായി കേട്ടിട്ടുണ്ടു്. ആ ധീരപ്രവൃത്തി ഇപ്പോൾ അദ്ദേഹത്തിൽ കാണുന്നില്ല. അതിന്റെ കാരണമെന്താണെന്നു് അദ്ദേഹം തന്നോടു തന്നെ ചോദിച്ചുകൊള്ളട്ടെ.

കൊച്ചിരാജ്യം ഉത്തരവാദിത്വ ഭരണസ്ഥാപനകാര്യത്തെ സംബന്ധിച്ചു മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു വളരെ പുറകിലാണു് എന്നു് ഇവിടെ പ്രസ്താവിച്ചുവല്ലൊ. ഇൻഡിയയിൽ ഒന്നാമതായി ഉത്തരവാദിത്വ ഭരണം ഏർപ്പെടുത്തേണ്ടതു കൊച്ചി രാജ്യത്താണെന്നാണു് ബിഷോപ്പു് വൈറ്റ്ഹെഡ് (Whitehead) അഭിപ്രായപ്പെട്ടിരിയ്ക്കുന്നതു്. ഗവമ്മെണ്ടു് ഈ വക അഭിപ്രായങ്ങളൊന്നും സ്വീകരിയ്ക്കയില്ലെന്നാണൊ പറയുന്നതു്? ബ്രിട്ടീഷിൻഡ്യയിൽ അടുത്തതന്നെ ഭരണപരിഷ്കാരം നടപ്പാക്കുവാൻ പോകുന്നുണ്ടു്. അതിനുവേണ്ടി കാത്തുനില്ക്കാതെ ഉടനടി ഇവിടെ ഭരണപരിഷ്കാരം നടപ്പാക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടതാണെന്നു ഞാൻ ശവംമ്മണ്ടലിനെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. മറ്റു രാജ്യങ്ങൾക്കു വിദ്യാഭ്യാസംകൊണ്ടും മറ്റു പലവിധത്തിലും ഒരു മാതൃകയായിരിയ്ക്കേണ്ട ഒന്നാണു് കൊച്ചിരാജ്യം. അതുകൊണ്ടു് ഈ കാര്യത്തെപ്പറ്റി ശവമ്മെണ്ടു് വളരെ ഗൌരവമായി വേഗം ചിന്തിയ്ക്കേണ്ട ആവശ്യം വന്നിരിയ്ക്കുന്നു.

ഈ സന്ദർഭത്തിൽ ഞങ്ങൾ ഇവിടെ പുതുതായി ഉണ്ടാക്കിയിട്ടുള്ള സ്വതന്ത്ര കക്ഷിയെ സംബന്ധിച്ചും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഞങ്ങൾക്കു് എന്തുതന്നെ കഷ്ടങ്ങൾ സഹിയ്ക്കേണ്ടി വന്നാലും ഉത്തരവാദിത്വഭരണം സ്ഥാപിയ്ക്കുന്നതുവരെ അതിലേയ്ക്കുവേണ്ടി അശ്രാന്തപരിശ്രമം ചെയ്യാൻ ഞങ്ങൾ തയ്യാറായിരിയ്ക്കുന്നു എന്നു ശവമ്മെണ്ടലിനെ ധരിപ്പിച്ചുകൊള്ളട്ടെ. ഞങ്ങൾ ചുരുങ്ങിയ ആളുകൾ മാത്രമെയുള്ളു എന്നു വരികിലും ഈ കാര്യത്തിൽ എന്തു വേണമെങ്കിലും ചെയ്യുവാനുള്ള സന്നദ്ധത ഞങ്ങൾക്കുണ്ടു്. ശവമ്മെണ്ടു് ഈ കാര്യത്തിൽ ഇനിയും മുന്നോട്ടിറങ്ങി പ്രവർത്തിയ്ക്കാത്തപക്ഷം ഞങ്ങളാൽ കഴിവുള്ളടത്തോളം ഈ നിയമസഭയിൽ എന്നു മാത്രമല്ല ഈ രാജ്യം മുഴുവനും വലിയ പ്രക്ഷോഭണം നടത്തുവാൻ ഞങ്ങൾ തയ്യാറുള്ളവരാണെന്നു ശവമ്മെണ്ടലിനെ അറിയിച്ചുകൊള്ളട്ടെ.

മിസ്റ്റർ കെ. എം. ഈപ്രാഹാം.—ഞാൻ ഈ പ്രമേയത്തെ വളരെ ശക്തിയായി അനുകൂലിയ്ക്കുന്നു. ഭരണ പരിഷ്കാരത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും വിപുലമായ ഒരു പരീക്ഷണം നടത്തുന്നതിനു വളരെ സൌകര്യമുള്ളതായ ഒന്നാണു് ഈ കൊച്ചിരാജ്യം. ഇതു് വളരെ വിസ്താരമായി കിടക്കുന്ന ഒരു വലിയ ഭൂഖണ്ഡമൊന്നുമല്ല; വളരെച്ചെറുതായ ഒരു രാജ്യമാണു്. പരിഷ്കൃതങ്ങളായ ആശയങ്ങളെ വച്ചുകൊണ്ടു് എന്തെങ്കിലും വലിയ നിലയിലുള്ള ഒരു ഭരണഘടനയീ രാജ്യത്തു് വളരെ എളുപ്പത്തിൽ നടപ്പാക്കാവുന്നതാണു്. ഇന്നിവിടെ നിലവിലിരിയ്ക്കുന്ന ഈ നിയമസഭയെ വച്ചുകൊണ്ടുമാത്രം—അവയ്ക്കു് വിശ്വാസമുള്ള മൂന്നു മെമ്പർമാരെ തിരഞ്ഞെടുത്തതുകൊണ്ടുമാത്രം—ഈ രാജ്യത്തെ ഭരണപരിഷ്കാരത്തിന്റെ അങ്ങേ അറ്റത്തെ നിലയിൽ എത്തുവാൻ കഴിയുമെന്നു് എനിയ്ക്കു വിശ്വാസമില്ല. എന്നാൽ അതു മൂലം ഇന്നുള്ളതിൽ നിന്നും അല്പംകൂടി പരിഷ്കൃതമായ നിലയിൽ ഭരണം നടപ്പാക്കുവാൻ കഴിയുമെന്നാണു് തോന്നുന്നതു്. കൊച്ചി രാജ്യത്തിലെ ഭരണ പരിഷ്കാരത്തെപ്പറ്റി പറയുമ്പോൾ, ഇൻഡ്യയിലെ ഭരണപരിഷ്കാരം നടപ്പിൽ വന്നുകഴിഞ്ഞാൽ അതനുസരിച്ചു ചെയ്യാമെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. ഇവിടത്തെ പ്രാദേശിക സംഗതികളെ സംബന്ധിയ്ക്കുന്ന ഒരു കാര്യം മാത്രമാണിതു്. ഒരു വില്ലേജിനെ സംബന്ധിച്ചിടത്തോളം ആ വില്ലേജിൽ നിവസിയ്ക്കുന്നവർക്കു് അവരുടെ വില്ലേജുഭരണം ശ്രദ്ധിക്കേ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കാൻ പൂർണ്ണാധികാരമുണ്ട്. അല്ലാതെ പുറമുള്ള വില്ലേജുകളിൽ എങ്ങിനെ ചെയ്യുന്നുവെന്നു നോക്കി വേണം പ്രസ്തുത വില്ലേജിലും ചെയ്യുവാൻ എന്നു പറയുന്നതിൽ യാതൊരു യുക്തിയുമില്ല. അതുപോലെ പുറത്തുള്ള രാജ്യങ്ങൾ എങ്ങിനെ ചെയ്യുന്നു എന്നറിഞ്ഞിട്ടുവേണം ഇവിടെ പരിഷ്കാരം നടപ്പാക്കുവാൻ എന്നു പറയുന്നതു സംഗതികൾ നീട്ടികൊണ്ടുപോകുവാൻ ഉപയോഗിയ്ക്കുന്ന വെറും ഒരു ദുർന്യായം മാത്രമാണെന്നാണ് എനിയ്ക്കു തോന്നുന്നതു്

എന്റെ മാന്യ സ്നേഹിതൻ നിയമസഭാ പരിഷ്കാരത്തെപ്പറ്റി ഇവിടെ പറഞ്ഞു. വളരെ കാലമായി ഞങ്ങൾ ഈ നിയമസഭയിൽ ഭരണ പരിഷ്കാരം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണിരിയ്ക്കുന്നതു്. അതിലേയ്ക്കു പ്രമേയങ്ങൾ പാസാക്കിട്ടും സാരമില്ലാത്ത നിലയിൽ സർവ്വമെണ്ടു് തള്ളിക്കളയുകയാണു് ചെയ്തിരിയ്ക്കുന്നതു്. ബഡ്ഡറുകളും ഡിമാൻറുകളും തള്ളി!—നിഷ്ഫലം! വീണ്ടും പ്രമേയരൂപേണ ടി സംഗതി ഞങ്ങൾ ഇപ്പോഴും ആവശ്യപ്പെടുകയാണു ചെയ്യുന്നതു്. ഇതനുസരിച്ചു് സർവ്വമെൻറു ചെയ്യാത്തപക്ഷം ഈ പാർട്ടിക്കാരായ ഞങ്ങൾ ഈ നിയമസഭയുടെ പുറത്തു നിന്നുകൊണ്ടു് അതിലേയ്ക്കു വേണ്ടതുചെയ്യും. ഇതിനോടനുകൂലിയ്ക്കുന്ന ഒരന്തരീക്ഷമാണു് ഇന്നുണ്ടായിട്ടുള്ളതെന്നു് ഞങ്ങൾക്കു നല്ലപോലെ അറിയാം. സർവ്വമെൻറിന്റെ പ്രവൃത്തി ഞങ്ങൾക്കെതിരാണെന്നു കാണുന്നപക്ഷം തീച്ചയായും ഞങ്ങൾ വേണ്ടതു പ്രവൃത്തിയ്ക്കുമെന്നും ഒടുവിൽ പൊതുജനാഭിപ്രായത്തിനു് സർവ്വമെൻറു കമ്പിടേണ്ടിവരുമെന്നും ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു. അതുകൊണ്ടു ഈ വക സംഗതികളെ സർവ്വമെൻറിൽനിന്നും അനുകൂലിച്ചു് അതനുസരിച്ചു വേണ്ടുന്ന പ്രവൃത്തികൾ ധൃതഗതിയിൽ ഭംഗിയാംവണ്ണം നടപ്പിൽ വരുത്തണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

Rama Varmha Tampuran.—Sir, I have not much to add to what I said in November 1932. I then pointed out that as things stand at present and as we have not yet passed through the financial difficulties it is not time to increase and raise the expenditure of the Government. Again I pointed out then that the report of the Franchise Committee should form the first step in this direction. Those two conditions still remain as they were. I have nothing more to add to the situation. The proposal should await till times improve. That is what I have to say.

മിസ്റ്റർ കെ. അയ്യപ്പൻ.—സർ, എനിക്കു സർവ്വമെൻറിനോടു ചോദിയ്ക്കുവാനുള്ള ഒരു സംഗതി കൊച്ചീരാജ്യത്തിലെ പ്രജകൾ ഒരുനാട്ടുരാജ്യത്തിലെ പ്രജകളായതു് ഒരു നിർഭാഗ്യമായി കരുതു

LIBRARY ARCHIVES Kerala Legislative Assembly

വാൻ ഗവമ്മെൻറ് ഇടയാക്കുകയാണൊ വേണ്ടതെന്നുള്ളതാണ്. ബ്രിട്ടീഷ് ഇൻഡ്യയിലുള്ള ആളുകൾക്കുള്ളതു സ്വാതന്ത്ര്യം കൊച്ചീ രാജ്യത്തുള്ള ആളുകൾക്കു പാടില്ലെന്നാണൊ ഗവമ്മെൻറ് പറയുന്നതു? ഇപ്പോൾ വരുന്നുവാൻപോകുന്ന ഇൻഡ്യൻ പരിഷ്കാരത്തിൽ സംസ്ഥാനങ്ങൾക്കു പൂർണ്ണ സ്വയംഭരണം കൊടുക്കാമെന്നു ബ്രിട്ടീഷുകാർ തന്നെ സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ആ കാര്യത്തിൽ തർക്കമൊന്നുമില്ല. സെൻട്രൽ ഗവമ്മെൻറിനെപറ്റി മാത്രമെ തർക്കമുള്ളു. ഈ മാതിരി സ്വാതന്ത്ര്യം കൊച്ചിയ്ക്കു പാടില്ലെന്നായാൽ കൊച്ചി ഒരു നാട്ടുരാജ്യമായതുകൊണ്ടാണ് തങ്ങൾക്കു ബ്രിട്ടീഷ് ഇന്ത്യയിലെ ജനങ്ങളെക്കാൾ സ്വാതന്ത്ര്യം കുറഞ്ഞുപോയതെന്നു കൊച്ചീക്കാർ വിചാരിക്കാതിരിക്കയില്ല. അതു വലിയ കുഴപ്പമായിരിയ്ക്കും. അപകടവുമായിരിക്കും. ഉദ്യോഗസ്ഥന്മാർക്കു ഈ കാര്യത്തിൽ വലിയ ചുമതലയുണ്ട്. ഉത്തരവാദഭരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ അവർ ഉത്സാഹികളായിരിക്കണം. അനുദ്യോഗസ്ഥ ഭാഗത്തു ഈ കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. മറുകാര്യങ്ങളിൽ എന്തെല്ലാം വഴക്കുണ്ടായാലും ഈ കാര്യത്തിൽ ഞങ്ങൾ ഏക അഭിപ്രായക്കാരാണ്.

സ്വാതന്ത്ര്യം കൊടുക്കാതെ ഒരു ജനത്തെ അടക്കിനിറുത്തിക്കൊണ്ടുപോകുവാൻ എന്നും സാധിച്ചെന്നുവരില്ല. സ്വാതന്ത്ര്യത്തിനുവേണ്ടി മറുരാജ്യങ്ങളിൽ ജനങ്ങൾ ചെയ്യുന്ന സാഹസങ്ങൾ ഇവിടെ ചെയ്യാൻപാടില്ലായ്കയില്ല. അതിനൊന്നിനും ഇടവരുത്താതെ ഗവമ്മെൻറ് സ്വാതന്ത്ര്യം കാലാനുസരണമായി അനുവദിക്കയാണു വേണ്ടതു്.

Mr. K. T. Mathew.—I don't reply. But I press the resolution.

Resolution put and carried.

Mr. K. Ayyappan.—A poll, Sir.

The House divided—Ayes 17 and Noes 12.

Ayes.

1	Mr. K. Ayyappan.	10	Mr. P. Kumaran Ezhuthassan
2	,, M. A. Chakko.	11	,, Paul P. Mampilli
3	,, A. Eachara Menon.	12	,, K. T. Mathew.
4	,, George Chakyamun.	13	Dr. A. R. Menon.
5	,, K. M. Ibrahim.	14	Mr. A Sankara Poduval
6	,, C. N. Ittiravi Nambudiri.	15	,, K. Mohamed Seethi
7	,, P. S. Kesavan Nambudiri.	16	Mrs. Swaris.
8	,, T. K. Nayar.	17	Mr. K. P. Vallon.
9	,, P. Krishna Menon.		

Noes.

1	Mr. K. Achyuta Menon.	7	,, P. Nilakanta Menon.
2	,, V. K. Aravindaksha Menon.	8	Rama Varmha Tampuran.
3	,, M. P. Cherian.	9	Dr. D. Raghavendra Rao.
4	,, C. J. Mathew.	10	Mr. P. V. Raphael.
5	,, I. N. Menon.	11	,, P. V. Subramania Ayyar.
6	,, T. Narayana Menon.	12	,, Thomas Manjuran.

LIBRARY ARCHIVES Kerala Legislative Assembly

The Member being then absent the following resolution was considered withdrawn.

Mr. P. Raman Menon.—"*This Council recommends to the Government that instead of the Diwan Peishkar, the Superintendent of Registration be ex-officio Commissioner of Income-tax*".

5. Committtee to effect retrenchment in the administration.

മിസ്റ്റർ ടി. കെ. നായർ.—സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്.

This Council recommends to the Government to appoint a Committee of non-officials to effect all possible retrenchment in the various departments of administration in the State.

ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുംപോൾ അനുദ്യോഗസ്ഥ മെമ്പർമാരിൽ പലർക്കും ഇതിനെപ്പറ്റി തല്ക്കാലം ഒരു തെറ്റിദ്ധാരണയുണ്ടായേക്കാം. ഗവൺമെണ്ടിൽ നിന്നും ഈ നിയമസഭയിൽ നിന്നും ഓരോരോ സംഗതികൾക്കായി ഓരോരോ കമ്മിറ്റിയെ നിയമിച്ചു കൊച്ചി രാജ്യം മുഴുവനും നിറച്ചിട്ടുള്ള ഈ കാലത്ത് ഒരു കമ്മിറ്റി കൂടി വെക്കണമെന്നുള്ള പ്രമേയം കൊണ്ടുവന്നതിനെപ്പറ്റി ആരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അതിൽ വളരെ അത്ഭുതപ്പെടുവാനില്ല. എന്നാൽ ഇന്ന് നമ്മുടെ ഗവൺമെൻറ് പലതരത്തിലും നടത്തിവരുന്നതായ അനാവശ്യചിലവുകൾ നിർത്തേണ്ടതിലേക്ക് ഞങ്ങൾ ഓരോ തരത്തിൽ ഓരോപ്രമേയങ്ങൾ ഇവിടെ അവതരിപ്പിച്ച് പാസ്സാക്കിയതിനെല്ലാം ആർഡർ പാസാക്കുവാനുള്ള അധികാരം ഗവൺമെൻറുദ്യോഗസ്ഥന്മാക്കായതുകൊണ്ട് അവരുടെ സൌകര്യംപോലെ ഓരോ ആർഡർ പാസ്സാക്കി ഞങ്ങളുടെ ഉദ്ദേശത്തെ തീരെ ഇല്ലായ്മചെയ്തുവരുന്ന ഒരൊറ്റകാരണം കൊണ്ടാണ് ഇങ്ങിനെ ഒരു കമ്മിറ്റി വേണമെന്ന് ഞാൻ നിർബ്ബന്ധിക്കുന്നത്.

ഒന്നാമതായി ഞാൻ ഒരു സംഗതി പറയാം. ഇന്നത്തെ വകുപ്പധ്യക്ഷന്മാരുടേയും മറ്റും ശമ്പളം വളരെ വളരെ അധികമാണെന്ന് ഞങ്ങൾക്കു തോന്നിയിട്ടുള്ള അഭിപ്രായത്തെ ഞങ്ങൾ ഇവിടെ പലതവണയും പ്രസ്താവിക്കുകയും അതു എങ്ങിനെ കുറക്കണമെന്നുള്ളതിലേയ്ക്ക് ഓരോ തോതുകൾ വച്ച് ഞാൻതന്നെ ഒരു പ്രമേയം ഈ സഭയിൽ കൊണ്ടു വരികയും അതു ഇവിടെപാസാക്കുകയും ചെയ്തിട്ടുണ്ട്. അതിനു എന്താണ് ഗവൺമെണ്ടിന്റെ തീരുമാനമുണ്ടായതു? എന്നതു രൂപാ ശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കും വ ൦ ൦ രൂപ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കും ഒന്നുപോലെ ശമ്പളം കുറയ്ക്കുകയാണ് ചെയ്തതു. ഏറ്റവും അധികം ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്ക് ഇരുപതോ ഇരുപത്തഞ്ചോ ശതമാനം കുറക്കണമെന്നു ആവശ്യപ്പെട്ടതിനെ ഗവൺമെണ്ട് തീരെ ഇല്ലായ്മചെയ്തു. ശമ്പളം കുറയ്ക്കണമെന്ന് പറയുവാനല്ലാതെ അതിനുള്ള ഓർഡർ പാസാക്കുവാൻ ഞങ്ങൾക്കധികാര

LIBRARY ARCHIVES Kerala Legislative Assembly